# ദേശീയ വിദ്യാഭ്യാസനയം 2020

**കേരളാ പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസ്സിയേഷൻ**
**(K P S T A)**

**സംസ്ഥാന കമ്മിറ്റി തയ്യാറാക്കിയ**
**പഠന റിപ്പോർട്ട്**

# ദേശീയ വിദ്യാഭ്യാസനയം 2020

## കേരളാ പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസ്സിയേഷൻ (KPSTA) സംസ്ഥാന കമ്മിറ്റി തയ്യാറാക്കിയ പഠന റിപ്പോർട്ട്

സാംസ്കാരിക ഭാരതത്തിന്റെ ഭാവിയെ ദിശാബോധത്തോടെ കരുപ്പിടിപ്പിക്കുന്നതിന് ഈ രാജ്യത്തിന്റെ വിദ്യാഭ്യാസ നയത്തിന് അതിപ്രധാനമായ പങ്കുണ്ട്. കരുത്തുറ്റ വിദ്യാഭ്യാസ ഘടന സ്വായത്തമാകാത്ത ഒരു സമൂഹവും ജീവിത വിജയത്തിന്റെ പന്ഥാവിലേയ്ക്ക് നടന്നടുക്കില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതും കാലാനുസൃതമായ പരിഷ്ക്കരണങ്ങൾ നടപ്പിലാക്കി അനുവർത്തിച്ചു പോരുന്നതുമായ ഇന്ത്യൻ വിദ്യാഭ്യാസം, സ്വാതന്ത്ര്യാനന്തര കാലത്ത് ചട്ടങ്ങളും നിയമങ്ങളും കർശനമായ കാഴ്ചപ്പാടുകളും ഒരുപോലെ ചേർത്തു വെച്ച് ജനകീയ മുഖം പകർന്ന് മുന്നോട്ട് പോവുകയാണ്.

1966-ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടും 1986-ൽ ശ്രീ. രാജീവ് ഗാന്ധി താൽപ്പര്യമെടുത്തു നടപ്പിലാക്കിയ ദേശീയ വിദ്യാഭ്യാസ നയവുമാണ് നിലവിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങളുടെ ആധാരശില. 1976-ൽ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റിയതോടെ ഓരോ സംസ്ഥാനത്തിനും അവരവരുടേതായ കൂട്ടിച്ചേർക്കലുകൾ നടത്തുവാനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ വഴി കൂടുതൽ മെച്ചപ്പെടുത്തലുകൾ യാഥാർത്ഥ്യമാക്കുവാനും മഹാത്മാഗാന്ധി വിഭാവനം ചെയ്ത നന്മയുടെ വെളിച്ചം താഴേതട്ടിലേയ്ക്ക് ചേർത്തുപിടിക്കുവാനും നമുക്ക് കഴിഞ്ഞു.

ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ പ്രധാന സ്ഥാനത്തേയ്ക്ക് കേരളം മാറിയതിന് 1976-ലെ നിയമം വലിയ പിന്തുണ നൽകിയിട്ടുണ്ട്. കേരള സംസ്ഥാനത്തുടനീളം 6866 എൽ.പി സ്കൂളുകളും (ഗവൺമെന്റ് - 2597, എയ്ഡഡ് - 3912, അൺഎയ്ഡഡ് - 357) 2986 യു.പി സ്കൂളുകളും (ജി-871, എ-1871, യു.എ-244), 3119 ഹൈസ്കൂളുകളും (ജി-1227, എ-1433, യു.എ-459), 2077 ഹയർസെക്കണ്ടറി സ്കൂളുകളും (ജി-847, എ-858, യു.എ-364) 389 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളും (ജി-261, എ-128), 5643 പ്രീ-പ്രൈമറികളും, 1266 സി.ബി.എസ്.ഇ സ്കൂളുകളും, 162 ഐ.സി.എസ്.ഇ സ്കൂളുകളും, 36 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2019-ൽ അവസാനിച്ച അദ്ധ്യയന വർഷത്തിൽ മുപ്പത്തിയേഴ് ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി പതിനെട്ട് (37,03,818) കുട്ടികൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരള സംസ്ഥാനത്തുണ്ടായിരുന്നു.

ഈ പശ്ചാത്തലം നിലനിൽക്കുമ്പോഴാണ് ഇന്ത്യയുടെ വിശിഷ്യാ കേരള ത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഗതിവിഗതികളെ മാറ്റിമറിക്കാൻ പ്രാപ്ത മായ പുതിയ വിദ്യാഭ്യാസ നയം-ദേശീയ വിദ്യാഭ്യാസ നയം 2020 ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആധുനിക ഇന്ത്യയുടെ വിദ്യാഭ്യാസത്തിന്റെ മുഖമുദ്രയായ കോത്താരി കമ്മീഷനെ പരാമർശിക്കാതെ പോകുവാൻ കഴിയില്ല.

കോത്താരി കമ്മീഷൻ സമഗ്രമായ പഠനവും വിലയിരുത്തലുകളും നടത്തി തയ്യാറാക്കിയ രേഖ 1968-ൽ ഇന്ത്യാ ഗവൺമെന്റ്, ഭാരതത്തിന്റെ മഹിതമായ പാര മ്പര്യത്തിന് തിലകക്കുറിയായി അവതരിപ്പിക്കുകയായിരുന്നു. ആധുനിക ഭാരതീയ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ടയായി, അടിസ്ഥാന ശിലയായി വിശേഷിപ്പിക്ക പ്പെടുന്ന കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ അവഗണിച്ചു കൊണ്ടാണ് ഡോ. കസ്തൂരി രംഗന്റെ നേതൃത്വത്തിലുള്ള സമിതിയുടെ റിപ്പോർട്ട് രൂപപ്പെട്ടിട്ടുള്ളത്. 1986-ൽ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരവും കോത്താരി കമ്മീഷന്റെ അന്തസത്തയിൽ ഊന്നി നിന്നുകൊണ്ടാണ് നടപ്പിലാക്കിയത്. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം വിദ്യാർത്ഥികളിലെത്തിക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനും ശ്രീ. രാജീവ് ഗാന്ധിയുടെ നയങ്ങൾ വലിയ പങ്ക് വഹിക്കുകയും ചെയ്തു.

എന്നാൽ ഡോ. കസ്തൂരി രംഗനെക്കൊണ്ട് കേന്ദ്രസർക്കാർ രൂപപ്പെടുത്തി യിട്ടുള്ള നയം - എൻ.ഇ.പി 2020 തികച്ചും ഏകപക്ഷീയവും ഇന്ത്യ കൈവരിച്ച ദേശീയ വിദ്യാഭ്യാസ നിലവാരത്തെ പിന്നോട്ടടിക്കുന്നതും ദേശീയ ഗവൺമെന്റിന്റെ രാഷ്ട്രീയ അജണ്ടകൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഏണിപ്പടിയുമായിട്ടാണ് പ്രഥ മദൃഷ്ട്യാ മനസ്സിലാക്കുവാൻ സാധിക്കുന്നത്.

ഫെഡറൽ സംവിധാനത്തിന്റെ ഭാഗമായിട്ടുള്ള നമ്മുടെ രാജ്യം, സംസ്ഥാനങ്ങ ളുമായി കൂടിച്ചേർന്നാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾക്കനുസൃതമായി മെച്ചപ്പെട്ടതും എന്നാൽ പ്രാപ്യമായതുമായ വിദ്യാഭ്യാസം ലക്ഷ്യം വെച്ച് 1976-ൽ വിദ്യാഭ്യാസത്തെ കൺക റന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും (അതുവരെ സംസ്ഥന സർക്കാരുകളുടെ മാത്രം ചുമതലയിലായിരുന്നു വിദ്യാഭ്യാസം) അതിന്റെ നന്മകൾ കേരളം പോലെയുള്ള സംസ്ഥാനങ്ങൾ മികച്ച മാതൃക സൃഷ്ടിച്ച് കാട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ വിദ്യാഭ്യാസ നയത്തിനനുസരണമായി എൻ.സി.ഇ.ആർ.റ്റി കരിക്കുലവും പാഠപുസ്തകവും തയ്യാറാക്കും എന്നു പറഞ്ഞിരിക്കുന്നതു കൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളും സംവിധാനങ്ങളും നോക്കുകുത്തികളാകും എന്നു വ്യക്തം.

സ്കൂൾ വിദ്യാഭ്യാസ നടത്തിപ്പു ചെലവിന്റെ ഒരു പങ്കുവഹിക്കുക എന്ന നിയോഗമാവും സംസ്ഥാനങ്ങൾക്ക് വന്നു ഭവിക്കുക. ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്യുന്നതാകട്ടെ, ഇന്ത്യാ ഗവൺമെന്റിൽ കേന്ദ്രീകൃതമായ വിദ്യാഭ്യാസത്തെയാണ്. ഒരു രാജ്യം ഒരു പാഠ്യപദ്ധതി, ഒരു പാഠപുസ്തകം എന്ന നയമാണ് ഇവിടെ പ്രകാശനം ചെയ്യപ്പെടുന്നത്.

പ്രാദേശികമായ പഠനസാധ്യതകളെ ഇല്ലായ്മ ചെയ്യുന്ന ഈ നയം, നാനാത്വത്തിലെ ഏകത്വം എന്ന ഭാരതീയന്റെ അചഞ്ചലമായ ചിന്തകൾക്ക് ഉലച്ചിലുണ്ടാക്കുന്നതാണെന്നതിൽ തർക്കമില്ല. ഭാരതം, മറ്റ് രാജ്യങ്ങളിൽ നിന്നും വളരെയേറെ വിഭിന്നമാണ്. വ്യത്യസ്ത ഭാഷകൾ, ജീവിത രീതികൾ, സംസ്കാരങ്ങൾ, ആചാരങ്ങൾ ഇവയെല്ലാം അംഗീകരിച്ചു കൊണ്ടുപോകുന്ന, കോർത്തിണക്കി കൊണ്ടുപോകുന്ന വിദ്യാഭ്യാസമാണ് കൺകറന്റ് ലിസ്റ്റിലൂടെ അധികാരം പങ്കിട്ടെടുത്ത് സംസ്ഥാനങ്ങളുമായി ചേർന്ന് ഇന്ത്യാ ഗവൺമെന്റ് നിർവ്വഹിച്ചു കൊണ്ടിരുന്നതെങ്കിൽ കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ പിൻബലത്തിൽ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ഏകമുഖ വിദ്യാഭ്യാസ സമീപനമാണ്, സംഭവ്യമാക്കുന്നത്. എല്ലാം കേന്ദ്രത്തിൽ നിന്നും തീരുമാനിക്കും, സംസ്ഥാനങ്ങൾ നടപ്പിലാക്കും എന്ന നില രാജ്യത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക മേഖലയ്ക്ക് കനത്ത തിരിച്ചടിയായി മാറും. ഓരോ സംസ്ഥാനങ്ങളും നാടിനനുസൃതമായി കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കി വിജയിപ്പിച്ചു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ മുന്നേറ്റത്തെ ഈ നയം പിന്നോട്ട് വലിക്കും.

ഇത്രയും കാലം നാം പിൻതുടർന്നു വന്നിരുന്ന ആർഷഭാരത സംസ്കാരം എല്ലാ സമൂഹങ്ങളുടേയും സംസ്കാരത്തെ ഹൃദയത്തിലേറ്റു വാങ്ങുന്ന സംസ്കാരം, ആ മഹത്വ പൂർണമായ പാരമ്പര്യത്തിന്റെ സുവർണനൂലിഴകൾ കൊണ്ട് നാം നെയ്തെടുത്ത വിദ്യാഭ്യാസ നയത്തിന്, ആശയത്തിന് എന്ത് കുറവുള്ളതു കൊണ്ടാണ് ഇപ്പോൾ, ഇന്ത്യൻ സംസ്കാരത്തിലും പാരമ്പര്യത്തിലും പൈതൃകത്തിലും ഊന്നി നിന്നുകൊണ്ടുള്ള പാഠ്യപദ്ധതിയും പഠന സമ്പ്രദായവും ഈ നയം നിഷ്കർഷിക്കുന്നത്. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തപ്പെടുന്ന കളികളും കഥകളും ഉദാഹരണങ്ങളും ഇന്ത്യക്കകത്തു നിന്നുതന്നെ എന്നു പറയുമ്പോൾ എന്താണ് പുതുതായി നാം മനസ്സിലാക്കേണ്ടത്?

മറ്റു രാജ്യങ്ങളിൽ നിന്നുള്ള കഥകളോ ചിത്രങ്ങളോ, സംഭവങ്ങളോ, ചരിത്ര സത്യങ്ങളോ നമ്മുടെ പാഠപുസ്തകങ്ങളുടെ ഏതെങ്കിലും താളുകളിലുണ്ടാവാൻ പാടില്ല എന്ന് വാശിപിടിക്കുന്നത് ഏതുതരം വിശാലതയാണ് പ്രകടമാക്കുന്നത്? ബൈബിൾ, ഖുർ-ആൻ തുടങ്ങിയ മഹത് ഗ്രന്ഥങ്ങളിൽ നിന്നുള്ള കഥകളും സന്ദേശങ്ങളുമുൾപ്പെടെയുള്ളവ ഇന്ത്യൻ പാഠപുസ്തകങ്ങളിൽ നിന്നും തുടച്ചു നീക്കപ്പെടുമെന്ന സൂചനകളല്ലെ ഇവിടെ കാണുവാൻ കഴിയുന്നത്. ഒരുപക്ഷെ, ഇന്ത്യയുടെ ശൈഥില്യത്തിലേയ്ക്കു തന്നെ വഴിവെയ്ക്കാവുന്ന തരത്തിലുള്ള തലതിരിഞ്ഞ നിലപാടുകളാണ്, ദേശീയ ബോധില്ലാത്ത ദേശീയ വിദ്യാഭ്യാസ നയം 2020-ലൂടെയാണ് നാം നേരിടാൻ പോകുന്നത്.

## ഘടന

1968-ൽ നടപ്പിലാക്കിയ കോത്താരി കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള വിദ്യാഭ്യാസ ഘടനയിലൂടെയാണ് നാം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഒന്നു മുതൽ പത്തു വരെയുള്ള സ്കൂൾ വിദ്യാഭ്യാസവും 2 വർഷത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവും (ടെൻപ്ലസ്ടു ഘടന). ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സു വരെ ലോവർ പ്രൈമറി, അഞ്ചാം ക്ലാസ്സുമുതൽ ഏഴാം ക്ലാസ്സുകളെ അപ്പർപ്രൈമറി, എട്ടാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ഹൈസ്കൂൾ, 11, 12 ക്ലാസ്സുകൾ ചേർന്ന് ഹയർസെക്കണ്ടറി എന്ന നിലയിലുള്ള വിദ്യാഭ്യാസമാണ് നാം അനുവർത്തിച്ചു വന്നത്.

2009-ൽ, വിദ്യാഭ്യാസ അവകാശ നിയമം (ആർ.റ്റി.ഇ) ഡോ. മൻമോഹൻസിംഗ് പ്രധാനമന്ത്രിയായ കാലത്ത് നടപ്പിലാക്കിയതോടെ രാജ്യത്താകമാനം 6 വയസ്സ് മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഭരണഘടനാപരമായ അവകാശമാക്കി. (ഇന്ത്യൻ ഭരണഘടന 21(എ), അനുച്ഛേദം 15-ൽ 5). അന്നുമുതൽ ലോവർ പ്രൈമറി 1 മുതൽ 5 വരെയും, അപ്പർപ്രൈമറി 6 മുതൽ 8 വരെയും, ഹൈസ്കൂൾ 9, 10 ക്ലാസ്സുകളും, ഹയർസെക്കണ്ടറി, 11, 12 ക്ലാസ്സുകളുമായി. എന്നാൽ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അധികാരത്തിന്റെ പിൻബലത്തിൽ (ആ ആധികാരമാണ് ദേശീയ വിദ്യാഭ്യാസ നയം 2020-ഓടെ അവസാനിക്കുന്നത്). പഴയതുപോലെ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് തുടരുകയാണ് കേരളം ചെയ്തത്.

ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. (1997-ൽ ഡി.പി.ഇ.പി.യുടെ മറവിൽ കേരള കരിക്കുലം ഫ്രെയിം വർക്കിന്റെ ഭാഗമായി നടപ്പിലാക്കിയ നയവും പാഠപുസ്തകങ്ങളും വലിയ തോതിൽ നമ്മളെ പിന്നോട്ടടിച്ചിട്ടുണ്ടെന്ന് യാഥാർത്ഥ്യമാണെങ്കിലും പിന്നീട് വന്ന സംസ്ഥാനസർക്കാരുകളുടെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി അതിനെ അതിജീവിക്കുവാനും നമുക്ക് സാധിച്ചു).

നിലവിലെ പാറ്റേണിന്റെ മികവില്ലായ്മ ഏതെങ്കിലും കാലത്ത് വിദ്യാഭ്യാസത്തെ പിന്നാക്കം കൊണ്ടു പോകുന്നതിന് വഴിവെച്ചുവെന്ന് ദോഷൈകദൃക്കുകൾ പോലും പറഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. പിന്നെ എന്തിനാണ് ഒരു കാരണവുമില്ലാതെ ഘടനാമാറ്റം ഈ നയത്തിൽ നിർദ്ദേശിക്കുന്നത്.

പുതിയ ഘടനയിൽ മൂന്ന് വയസ്സ് മുതൽ വിദ്യാഭ്യാസം ആരംഭിക്കും. Early Childhood Care and Education (ECCE) എന്ന ഒന്നാം ഭാഗത്തെ ഫൗണ്ടേഷൻ അഥവാ പ്രീ-പ്രൈമറി എന്ന് വിളിച്ചിരിക്കുന്നു. മൂന്ന് വയസ്സുമുതൽ രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസമാണ് ഇവിടെ നടക്കുന്നത്. സാമൂഹ്യക്ഷേമം, ആദിവാസി ക്ഷേമം, ആരോഗ്യ കുടുംബ ക്ഷേമം, വിദ്യാഭ്യാസം എന്നീ നാല് വകുപ്പുകൾ ഒന്നു ചേർന്ന് ഈ ഘട്ടത്തെ സഹായിക്കുമെന്ന് പറഞ്ഞിരിക്കുന്നു.

ലോകത്തിലെ വികസിത-വികസ്വര രാജ്യങ്ങളിൽ 6-7 വയസ്സാണ് സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്. പുതിയ നയത്തിൽ 3 വയസ്സു മുതൽ രണ്ടാം ക്ലാസ്സു വരെ ഒരു ഘട്ടമാകുന്നതോടെ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ താളം തുടക്കത്തിൽ തന്നെ തെറ്റും എന്നു കാര്യത്തിൽ തർക്കമില്ല.

എഴുത്ത്, വായന, ഗണിതം എന്നിവ ചെറുപ്രായത്തിൽ പഠിപ്പിക്കുന്നത് വലിയ അപകടമാണെന്ന് 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ 2020-ലെ നയത്തിൽ പറയുന്നത് Grade I students consisting of activities and work books around the learning of Alphabet, sound, words, colours, shapes and numbers എന്നാണ്. ചൈലൽഡ്ഹുഡ് സൈക്കോളജിയുടെ ബാലപാഠം പോലും അന്വേഷിക്കാതെ എത്തിച്ചേർന്നിട്ടുള്ള നിഗമനമായിട്ടാണ് ഇതിനെ കാണുവാൻ കഴിയുക.

ഏത് മനഃശാസ്ത്രജ്ഞന്റെ, വിദ്യാഭ്യാസ വിചക്ഷണന്റെ അഥവാ ഏതെല്ലാം തരം പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടതെന്ന് കമ്മീഷൻ വ്യക്തമാക്കേണ്ടതുണ്ട്. കണ്ണുമടച്ച് മന്ത്രിസഭാ തീരുമാനമെടുത്ത് ഇത് നടപ്പിലാക്കുവാൻ തയ്യാറെടുക്കുന്ന ഭാരതസർക്കാരും ഇക്കാര്യത്തിൽ വ്യക്തത വരുത്തണം. നാല് മന്ത്രാലയങ്ങളുടെ കീഴിൽ മൂന്ന് വയസ്സു മുതൽ ഏഴ് വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നുവെന്ന വിരോധാഭാസം ആരുടെ കയ്യടി നേടുവാൻ എഴുതിച്ചേർത്തതാണ്?

കേരളത്തിലെ പ്രീ-പ്രൈമറി (അതായത് മൂന്ന് വയസ്സുമുതൽ അഞ്ചുവയസ്സുവരെ പ്രായമുള്ള കുട്ടികളുടെ രണ്ട് വർഷത്തെ പഠനം) വിദ്യാഭ്യാസം പരിശോധിച്ചാൽ 5643 പ്രീ-പ്രൈമറി പഠന കേന്ദ്രങ്ങളാണ് വിദ്യാലയങ്ങളോട് ചേർന്ന് ആകെയുള്ളത്. ഗവൺമെന്റ് നേരിട്ട് നടത്തുന്ന 56 പ്രീ-പ്രൈമറികൾ, സ്കൂൾ പി.റ്റി.എ, കൾ നേതൃത്വം നൽകി നടത്തുന്ന 2597 പ്രീ-പ്രൈമറികൾ, എയ്ഡഡ് സ്കൂളുകളിൽ ചേർന്ന് പ്രവർത്തിക്കുന്ന 2990 പ്രീ-പ്രൈമറികൾ. ആദ്യം സുചിപ്പിച്ച 56 പ്രീ-പ്രൈമറികളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമാണ് ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയിട്ടുള്ളത്. മറ്റുള്ള മഹാഭൂരിപക്ഷം വരുന്നവർക്ക് ഓണറേറിയമായി അധ്യാപകർക്ക് 11,000/- രൂപയും വർക്കർമാർക്ക് 9,000/- രൂപയുമാണ് സർക്കാർ നൽകുന്നത്. എയിഡഡ് വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലും 2012-ന് ശേഷം പ്രവർത്തനം ആരംഭിച്ച പ്രീ-പ്രൈമറികളിലും പ്രവർത്തിക്കുന്നവർക്കാകട്ടെ പി.റ്റി.എ ഫീസ് പിരിച്ചു നൽകുന്ന 3000/- രൂപ മുതൽ 6000/- രൂപ വരെയാണ് പ്രതിമാസ വേതനമായി ലഭിക്കുന്നത്.

ഏറ്റവും ചെറിയ പ്രായത്തിലെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ വളർച്ചയ്ക്കാവശ്യമായ വിനോദങ്ങളും വിശ്രമങ്ങളും പോഷകഹാരങ്ങളും ഉദ്ഗ്രഥിതമാക്കിയ പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രൈമറിക്ലാസ്സുകളുമായി സംയോജിപ്പിക്കുന്നത്, മൂന്ന് വയസ്സുള്ള കുട്ടിയേയും ഏഴു വയസ്സുള്ള കുട്ടിയേയും ഒരേ കാഴ്ചപ്പാടോടെ നോക്കിക്കാണുന്നത്, ശൈശവത്തെയും ബാല്യത്തെയും കൂട്ടിക്കെട്ടി അഞ്ച് വർഷത്തെ ഫൗണ്ടേഷൻ ക്ലാസ്സുകളാക്കി മാറ്റിമറിക്കുന്നത് പ്രാഥമിക വളർച്ചാ ഘട്ടത്തിൽ തന്നെ കുഞ്ഞുമനസ്സുകളെ ഏത് രീതിയിൽ സ്വാധീനിക്കുമെന്ന് വ്യക്തമാക്കാൻ സമിതി തയ്യാറായിട്ടില്ല.

നിലവിലുള്ള പ്രീ-പ്രൈമറി സംവിധാനത്തെ ശക്തിപ്പെടുത്തി, ജീവനക്കാരെ സർക്കാർ നേരിട്ടേറ്റെടുത്ത് ആത്മാർത്ഥത കാണിക്കുകയും ഭാരതീയന്റെയാകെ വിശാല വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ പ്രതീകമായിക്കണ്ട് ശൈശവഘട്ടത്തിലെ നിറമന്ദഹാസത്തെ വിടർന്ന പനീർ പുഷ്പങ്ങളായി, ഇന്ത്യൻ വിദ്യാഭ്യാസ നയത്തിന്റെ അലങ്കാരമായി ഹൃദയ ഭാഗത്ത് ചേർത്തു വെയ്ക്കേണ്ടിയിരുന്നതിനു പകരം അയുക്തികമായ ഒരു നിലപാടാണ് ആദ്യഘട്ടത്തിൽ തന്നെ കാണുവാൻ കഴിയുന്നത്.

3, 4, 5 ക്ലാസ്സുകൾ ചേർന്ന രണ്ടാം ഘട്ടത്തെ പ്രിപ്പറേറ്ററി അഥവാ പ്രൈമറിയെന്നും 6, 7, 8 ക്ലാസ്സുകൾ ചേർന്ന മൂന്നാം ഘട്ടത്തെ മിഡിൽ സ്കൂൾ എന്നും 9, 10, 11, 12 ക്ലാസ്സുകൾ ചേർന്ന നാലാം ഘട്ടത്തെ സെക്കണ്ടറി എന്നും നിശ്ചയിച്ചിരിക്കുന്നു.

**ഭാഷ**

10 വയസ്സുവരെ (5–ാം ക്ലാസ്സ്) മാതൃഭാഷയിലൊ, വീട്ടു ഭാഷയിലൊ, നാട്ടുഭാഷയിലൊ (Mother tongue, Home language, Local language) അധ്യയനം നടത്തണമെന്നും 13 വയസ്സുവരെ (8–ാം ക്ലാസ്സ്) മാതൃഭാഷ വിദ്യാഭ്യാസമാണ് അഭികാമ്യമെന്നും പുതിയ നയം വ്യക്തമാക്കുന്നു. കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് ഒരിക്കലും പിൻതുടരുവാൻ കഴിയുന്ന ഒരു തീരുമാനമായി ഇതിനെ കാണുവാൻ കഴിയില്ല. അമ്മിഞ്ഞപ്പാലിന്റെ ആദ്യ മധുരം പോലെ ദിവ്യമായ മാതൃഭാഷയുടെ പ്രാധാന്യമുൾക്കൊണ്ടുള്ള പഠനരീതി വിദ്യാഭ്യാസത്തിലാകമാനമുണ്ടാവേണ്ടതുണ്ട്. എന്നാൽ പഠനമാധ്യമം (Medium of Institution) ഏതാകണമെന്ന് തെരഞ്ഞെടുക്കുവാനുള്ള അവസരം കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അനുവദിച്ചു നൽകേണ്ടതാണ്. മാതൃഭാഷയിലൊ, വീട്ടുഭാഷയിലൊ, പ്രാദേശിക ഭാഷയിലൊ പഠനം നടത്തിയാൽ മതിയെന്ന കാഴ്ചപ്പാട് ലോകത്തിന്റെ വിവിധകോണുകളിൽ പോയി ജീവിതം കരുപ്പിടിപ്പിച്ചു കൊണ്ടിരിക്കുന്ന ജനസമൂഹങ്ങളെ സംബന്ധിച്ചിടത്തോളം അചിന്തനീയമാണ്.  മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയും (പഠന മാധ്യമം) പഠിച്ചു മുന്നേറുവാനുള്ള താത്പര്യമാണ് പുരോഗമനോന്മുഖ സമൂഹത്തെ മുന്നോട്ട് നയിക്കുന്നത് തന്നെ.  വർത്തമാനകാല സാമൂഹ്യ പശ്ചാത്തലത്തിൽ ഒരു ജനസഞ്ചയവും ആശയവിനിമയത്തിന് ഉപയോഗിക്കാത്ത സംസ്കൃത ഭാഷയ്ക്ക് അമിതമായ പ്രാധാന്യം ഈ നയത്തിൽ കൽപ്പിക്കപ്പെടുന്നുണ്ടെന്നതും അറബി, ഉറുദു എന്നിവയെക്കുറിച്ച് മൗനം പാലിക്കുന്നുണ്ടെന്നതും നാം മനസ്സിലാക്കണം.

യൂണിവേഴ്സലൈസേഷൻ ഓഫ് എജ്യുക്കേഷൻ ഇവിടെ അട്ടിമറിക്കപ്പെടുകയാണ്. ഇന്ത്യ, ഭരണഘടനാഭേദഗതിയിലൂടെ 2009–ൽ നടപ്പിലാക്കിയ വിദ്യാഭ്യാസ അവകാശ നിയമനത്തിന്റെ നഗ്നമായ ലംഘനമായി ഈ തീരുമാനം വ്യാഖ്യാനിക്കപ്പെടുന്നു. ന്യൂനപക്ഷ മാനേജ്മെന്റ് അവകാശത്തിന്റെ (ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 30 (11)) നിഷേധമാണ് ഈ സമീപനം. ഭരണഘടനാ വ്യവസ്ഥ പാലിച്ചു മാത്രമെ വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നതിനുള്ള ഏത് നിയമ നിർമ്മാണവും പാടുള്ളൂ എന്നിരിക്കെ, ഭരണഘടനാ ലംഘനങ്ങളുടെ പരമ്പര സൃഷ്ടിച്ചു കൊണ്ടുള്ള ഈ നിയമം ആരുടെ നന്മയ്ക്കാണെന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. ഭരണഘടനയുടെ അടിസ്ഥാന ഘടനയാണ് ന്യൂനപക്ഷാവകാശം എന്നതുകൊണ്ടു തന്നെ ആർ.റ്റി.ഇ. ആക്ടിന്റെ പരിധിയിൽ നിന്നും ന്യൂനപക്ഷ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട് എന്നുള്ളതും ഭരണഘടന ഭേദഗതി ചെയ്താൽ പോലും ന്യൂനപക്ഷാവകാശങ്ങൾ നിലനിൽക്കുമെന്നുള്ള സുപ്രീംകോടതിയുടെ സുപ്രധാന വിധികളും ഇത്തരുണത്തിൽ പ്രസ്തവ്യമാണ്. ഇഷ്ടമുള്ള ഭാഷ മാധ്യമമായി തെരഞ്ഞെടുക്കുവാനുള്ള അവകാശത്തിൻ മേലുള്ള കടന്നുകയറ്റമായി ഈ നയം മാറിയിരിക്കുന്നു.

മാതൃഭാഷ, ഒന്നാംഭാഷയായി നിലനിർത്തിക്കൊണ്ടുതന്നെ താത്പര്യമുള്ള ഭാഷയിൽ പഠിക്കുവാനുള്ള (പഠന മാധ്യമം) അവസരമൊരുക്കുകയാണ് വേണ്ടത്. എട്ടാം ക്ലാസ്സ് കഴിയുന്നത് വരെ ഇംഗ്ലീഷ് പോലെയുള്ള ഭാഷകളിൽ നിന്നും അകന്നു നിന്നാൽ ആഗ്രഹിക്കുന്ന സമയത്ത് ലോകം, കയ്യെത്തിപ്പിടിക്കാൻ കഴിയാത്തത്ര അകലേയ്ക്ക് മാറി നിൽക്കുമെന്ന സത്യം ആർക്കാണറിയാത്തത്.

## തൊഴിൽ നൈപുണ്യം

മിഡിൽ സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ (6-ാം ക്ലാസ്സ് മുതൽ) തൊഴിൽ നൈപുണീ വിദ്യാഭ്യാസം ആരംഭിക്കണം എന്നു പറഞ്ഞിരിക്കുന്നു. പഠിതാവിന്റെ സർഗാത്മകവും സമഗ്രവുമായ വികസനം ലക്ഷ്യം വെച്ച് പഠിതാവിനെ കേന്ദ്രീകരിച്ചുണ്ടാക്കിയിട്ടുള്ള നിയമം എന്ന് ഉദ്ഘോഷിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020-ലെ ഏറ്റവും അപ്രസക്തമായ നിർദ്ദേശങ്ങളിലൊന്നായി ഇതിനെ വിലയിരുത്തുവാൻ കഴിയും.

11 വയസ്സ് മുതൽ തൊഴിൽ നൈപുണീ വികസനം എന്നതാണ് പുതിയ നയം. പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്നും വലിയ സ്വപ്നങ്ങളുമായി വിദ്യാലയങ്ങളിലേയ്ക്കെത്തുന്ന വിദ്യാർത്ഥികൾക്ക് അവർ പോലും ആഗ്രഹിക്കാതെ സ്വന്തം പരമ്പരാഗത തൊഴിലുകളിൽ നൈപുണി ലഭിക്കുന്ന വിധത്തിൽ ഓരോ വിദ്യാർത്ഥിയുടെയും ജീവിതം പരിമിതപ്പെടുന്നതിനുള്ള സാദ്ധ്യതകൾ തള്ളിക്കളയുവാനാവില്ല.

1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഏറ്റവും വലിയ ആകർഷണീയതകളിലൊന്ന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായിരുന്നു. എസ്.എസ്.എൽ.സി കഴിഞ്ഞുള്ള ഹയർസെക്കണ്ടറി (വൊക്കേഷണൽ ഹയർ സെക്കണ്ടറി) പഠനകാലത്ത്, തൊഴിലുകൾ തെരഞ്ഞെടുക്കുവാനുള്ള ആത്മവിശ്വാസം കരഗതമാവുന്ന കാലത്ത് തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം നൽകുന്നതായിരുന്നു, ആ നയമെങ്കിൽ വളരെ ചെറിയ പ്രായത്തിൽ തന്നെ (ക്യാച്ച് ദ യംഗ് എന്ന സമീപനം) ഇത് നടപ്പിലാക്കുമ്പോൾ വരുന്ന തലമുറയെ എവിടെയാണ് തളച്ചിടാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കപ്പെടുകയാണ്.

ആറാം ക്ലാസ്സുമുതൽ തൊഴിലധിഷ്ഠിത പഠനവും എട്ടാം ക്ലാസ്സു വരെ മാതൃഭാഷയിൽ പഠനവും യാഥാർത്ഥ്യമാവുന്നതോടെ പുതിയ നയത്തിന്റെ ഭാഗമായി പഠനം നടത്തേണ്ടി വരുന്നവരിൽ മഹാഭൂരിപക്ഷവും പാർശ്വവൽക്കരിക്കപ്പെടും എന്ന കാര്യം നിസ്തർക്കമാണ്. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർ സമാന്തരമായി പഠിച്ച് ജീവിതവിജയം നേടുകയും മറ്റുള്ളവർ സർക്കാർ തീരുമാനങ്ങളുടെ പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ കിടന്ന്, അവരവരുടെ ചുറ്റുപാടുകളിൽ ചുറ്റിപ്പറ്റി ജീവിതം അവസാനിപ്പിക്കേണ്ടി വരികയും ചെയ്യുന്ന അവസ്ഥ ഈ നയം വഴി സംജാതമാകാതിരിക്കണമെങ്കിൽ വലിയ പൊളിച്ചെഴുത്ത് അനിവാര്യമാണ്.

## ഒൻപതാം ക്ലാസ്സും സെമസ്റ്റർ സിസ്റ്റവും

ഒൻപതാം ക്ലാസ്സുമുതലുള്ള സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ വലിയ ആകർഷണീയതയായി സെമസ്റ്റർ സിസ്റ്റം അവതരിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടുള്ള സെമസ്റ്റർ സിസ്റ്റം സെക്കണ്ടറി ഘട്ടത്തിൽ നടപ്പിലാക്കുദ്ദേശിക്കുന്നതിന്റെ സാംഗത്യമെന്ത് എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഓരോ സെമസ്റ്റർ കഴിയുമ്പോഴും എക്സിറ്റായി പോകുന്ന കുട്ടി എപ്പോൾ പഠിക്കാനായി തിരിച്ചു വന്നാലും അവിടെത്തന്നെ പഠിക്കാനവസരമുണ്ടാകുമെന്ന് പറയുന്നുമുണ്ട്.

ഇതിൽ നിന്നും, പഠനം അത്ര ഗൗരവതരമായി കാണേണ്ടതില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്. 3 വയസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുമെന്ന് പറയുമ്പോൾ തന്നെ ഇത്തരം പഴുതുകളിലൂടെ നിർബന്ധിതമല്ലെന്ന സൂചനകളും നൽകുകയല്ലേ.

വിമർശനാത്മക ചിന്തയും പ്രശ്നപരിഹാര ശേഷിയും പഠിതാക്കളിൽ ഉയർത്തിപ്പിടിക്കുന്നതിനുള്ള ഘടനാപരമായ മാറ്റം ഈ നയം വ്യക്തമാക്കുന്നുവെന്ന് അവകാശപ്പെടാൻ എങ്ങിനെയാണ് കഴിയുക?

2009-ലെ ആർ.റ്റി.ഇ. ആക്ട് പ്രകാരം 6 വയസ്സു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഭരണഘടനാപരമായ അവകാശമായിരിക്കുന്നു. എന്നാൽ അതേ കാര്യം തന്നെ 3 വയസ്സു മുതൽ 12-ാം ക്ലാസ്സുവരെ ദീർഘപ്പിക്കുകയാണെ ധ്വനി മുഴങ്ങുന്ന ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ ഉള്ളറകളിലേയ്ക്കു കടക്കുമ്പോൾ ഒൻപതാം ക്ലാസ്സു മുതൽ കൊഴിഞ്ഞു പോക്കിനെ മുന്നിൽ കാണുന്നുവെന്ന് വ്യക്തം.

യഥാർത്ഥത്തിൽ കരണീയമായിട്ടുള്ളത് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ കാലോചിതമായ പരിഷ്ക്കാരം നടത്തി (6 വയസ്സ് മുതൽ എന്നത് 3 വയസ്സ് മുതൽ എന്നും 14 വയസ്സു വരെ എന്നത് 12-ാം ക്ലാസ്സു വരെ എന്നും) ഭരണഘടനാപരമായ അന്തഃസത്ത നിലനിർത്തുകയാണ്.

അക്കാദമിക മികവിനെ പരിശോധനയ്ക്കെടുക്കുമ്പോൾ, കരിക്കുലം-കോകരിക്കുലം എന്ന വ്യത്യാസം ആവശ്യമില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. കോർ വിഷയങ്ങളായ അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഭാഷ എന്നിവയോടൊപ്പം തന്നെ ആർട്സ്, ക്രാഫ്റ്റ്, സ്പോർട്സ് എന്നിവ കൂട്ടിക്കെട്ടിയിരിക്കുന്നു. ഓരോ സ്ഥാപനത്തിനും ഭാരതീയ ദർശനത്തിന്റെ ഭാഗമായുള്ള കരിക്കുലം സ്വീകരിക്കാമെന്നു പറഞ്ഞിരിക്കുന്നു. ഇത്തരം ഫ്ളെക്സിബിലിറ്റി സ്വാർത്ഥതാത്പര്യ സംരക്ഷണത്തിനുള്ള അപകടകരമായ സാഹചര്യം സൃഷ്ടിക്കും. സംസ്കൃത ഭാഷയ്ക്ക് ആവശ്യത്തിൽ കവിഞ്ഞ പ്രാധാന്യം കൽപ്പിച്ചിട്ടുള്ളത് ദേശീയതയുടെ മറവിൽ മതേതരത്വത്തെ തകർക്കുന്നതിനുള്ള ആയുധമായി ഉപയോഗിക്കപ്പെട്ടേക്കാം. ശാസ്ത്രീയമായി യാതൊരുവിധമായ അടിത്തറയുമില്ലാത്ത നിഗമനങ്ങൾ തീരുമാനങ്ങളായി വന്നിരിക്കുന്നു. ഇവയെല്ലാം തെളിയിക്കുന്നത്, വിദ്യാഭ്യാസത്തിന്റെ ഗൗരവമില്ലായ്മ ഈ പുതിയ നയത്തിന്റെ മുഖമുദ്രയാവുന്നു; എന്നതാണ്.

## ഉന്നത വിദ്യാഭ്യാസവും സ്വകാര്യവൽക്കരണവും

പന്ത്രണ്ടാം ക്ലാസ്സു കഴിഞ്ഞുള്ള സർവ്വകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് (ഉന്നത വിദ്യാഭ്യാസ മേഖല) പറയുന്നിടത്തും വലിയ ആശയക്കുഴപ്പമുണ്ട്. 3, 5, 8, 10, 12 ക്ലാസ്സുകളിൽ പൊതു പരീക്ഷകൾ നടത്തും. ഉന്നത വിദ്യാഭ്യാസത്തിന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ നടത്തും. പരീക്ഷ കേന്ദ്രീകൃത പാഠ്യപദ്ധതിയായി മാറിയിരിക്കുന്നു എന്ന ആക്ഷേപവും ഈ നിയമം ഏറ്റുവാങ്ങേണ്ടി വരും. 2035 എത്തുമ്പോൾ എല്ലാ കോളേജുകളും സർട്ടിഫിക്കറ്റ് നൽകാനുള്ള പ്രാപ്തിയോടെ സർവ്വകലാശാലകൾക്ക് തുല്യമായി പരമാധികാരമുള്ള സ്ഥാപനമായി മാറുമെന്ന് പറഞ്ഞിരിക്കുന്നു.

കോളേജ് നടത്തിപ്പിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന ഒരു ഏജൻസിയായി ഇന്ത്യാ ഗവൺമെന്റ് പ്രവർത്തിക്കുമെന്നും മാനേജ്മെന്റുകൾ (സർവ്വകലാശാല/ വ്യക്തിഗത) സ്വതന്ത്രമായി ഫീസ് പിരിച്ച് സ്ഥാപനങ്ങൾ നടത്തണമെന്നും നയം വ്യക്തമാക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും സർക്കാർ നൈസായി പിൻമാറിയിരിക്കുന്നു.

ഹയർ എജ്യുക്കേഷൻ കൗൺസിൽ (എച്ച്.ഇ.സി) പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. നിലവിലുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, അക്രഡിറ്റേഷൻ ഏജൻസി തുടങ്ങിയ വിവിധ വിഭാഗങ്ങൾക്കു പകരം ഏക നിയന്ത്രണ സംവിധാനമുള്ള ഉന്നതാധികാര കൗൺസിൽ വരുന്നു.

കേന്ദ്രഗവൺമെന്റിന്റെ സമ്പൂർണ നിയന്ത്രണത്തിലേയ്ക്ക് ഉന്നത വിദ്യാഭ്യാസം എത്തിച്ചേരുന്നു. ഗവൺമെന്റാകട്ടെ സ്വകാര്യ മേഖലയ്ക്ക് നിയമം മൂലം ഇത് കൈമാറുകയും ചെയ്യുന്നു. വിരോധാഭാസമായിട്ടുള്ളത്, വിദ്യാഭ്യാസം കച്ചവടമാക്കുന്നത് തടയുമെന്ന് പുതിയ വിദ്യാഭ്യാസനയത്തിൽ ആവർത്തിച്ച് വ്യക്തമാക്കുന്നുവെന്നതാണ്.

ഇത്, ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തെ രണ്ടായി പിളർത്തും. 3 വയസ്സു മുതൽ 12-ാം ക്ലാസ്സുവരെയെന്നും അതിനുശേഷമുള്ള വിദ്യാഭ്യാസമെന്നും. രണ്ടാം ഭാഗം (ഉന്നത വിദ്യാഭ്യാസം) തുച്ഛ വരുമാനക്കാരായ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ബാലികേറാമലയായി തീരും.

അതുപോലെ തന്നെ, പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നാലു വർഷത്തെ ഡിഗ്രി കോഴ്സിൽ (ഡെൽഹി പോലെയുള്ള സംസ്ഥാനങ്ങൾ പരീക്ഷിച്ച് ഉപേക്ഷിച്ചവ) ഒരു വർഷംെ പൂർത്തിയാകുന്നവർക്ക് വൊക്കേഷണൽ സർട്ടിഫിക്കറ്റ്, രണ്ടു വർഷം പൂർത്തിയാകുന്നവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ്, മൂന്നു വർഷം പൂർത്തിയാകുന്നവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റ്, നാലു വർഷം പൂർത്തിയാകുന്നവർക്ക് റിസർച്ച് ഓറിയന്റഡ് ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിങ്ങനെ നൽകുമെന്ന് പറഞ്ഞിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ല. ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞ് പഠന പൂർത്തിയാക്കാതെ എക്സിറ്റായി പോകുന്ന കുട്ടികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് എന്തു മൂല്യമാണ് ഉണ്ടാകുക. ഈ സർട്ടിഫിക്കറ്റ് കൊണ്ട് എന്തു പ്രയോജനമാണ് ലഭിക്കുക. ഇത് മാറ്റത്തിന് വേണ്ടിയുള്ള മാറ്റം മാത്രമാണ്.

ഇത്തരത്തിൽ അനീതികളുടെ അസ്വസ്ഥതകളിൽ കൂട് പണിത് തയ്യാറാക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയം 2020 മഹാഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളെ താഴേത്തട്ടിൽ തന്നെ തളച്ചിടുവാൻ മാത്രമേ ഉപകരിക്കൂ എന്ന വിമർശനം ശക്തമായിത്തന്നെ നിലനിൽക്കും.

## സ്കൂളും ഗ്രേഡും

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന അക്രഡിറ്റേഷൻ സിസ്റ്റം സ്കൂളുകളിലേയ്ക്കും നടപ്പിൽ വരുത്തുന്നതിന് ഈ നയം നിർദ്ദേശം നൽകുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ സ്കൂളുകൾ അക്രഡിറ്റ് ചെയ്ത് ഗ്രേഡിംഗ് ഏർപ്പെടുത്തിയാൽ മഹാഭൂരിപക്ഷം പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഡി, ഇ ഗ്രേഡുകളിലേയ്ക്ക് കൂപ്പുകുത്തും എന്ന കാര്യത്തിൽ തർക്കമില്ല. നിലവിലുള്ള നിലവാരത്തിന്റെ പശ്ചാത്തലത്തിൽ പരിശോധന നടത്തിയാൽ അൺഎയിഡഡ് വിദ്യാലയങ്ങളും ചുരുക്കം ചില ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളും എ, ബി ഗ്രേഡുകൾ സ്വന്തമാക്കാനാണ് സാദ്ധ്യത. കേരളത്തിന്റെ നില പരിശോധിച്ചാൽ വ്യക്തിഗത മാനേജ്മെന്റുകൾക്ക് കീഴിലുള്ള മഹാഭൂരിപക്ഷം എയ്ഡഡ് വിദ്യാലയങ്ങളും സി, ഡി ഗ്രേഡുകളിലാവും ചെന്നുപെടുക.

അക്രഡിറ്റേഷൻ നടത്തുന്നത് അക്കാദമിക് നിലവാരത്തിൽ മാത്രമായാൽ പോലും ഭൗതിക സാഹചര്യങ്ങളുടെ കുറവു കൊണ്ട് ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങൾക്ക് മുന്നിലേയ്ക്ക് എത്തുവാൻ കഴിയണമെന്നില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യം മനസ്സിൽ കണ്ട് സ്കൂൾ വിദ്യാഭ്യാസ മേഖലയിലും ഗ്രേഡിംഗ് നടപ്പിലാക്കിയാൽ പൊതുവിദ്യാലയങ്ങൾ പിൻതള്ളപ്പെടുകയും വലിയ തോതിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന അൺഎയ്ഡഡ് മാനേജ്മെന്റുകൾ മുന്നാക്കം വരികയും ചെയ്യും എന്ന വസ്തുത കാണാതെ പോകരുത്.

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അക്രഡിറ്റേഷൻ നടപ്പിലാക്കുന്നതിന് മുമ്പ് എല്ലാ വിദ്യാലയങ്ങളും ഭൗതിക-അക്കാദമിക സാഹചര്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. എല്ലാ വിദ്യാലയങ്ങളിലേയും കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുപോലെ നടപ്പിൽ വരുത്തണം. അങ്ങനെയെങ്കിൽ (അങ്ങിനെയാണെങ്കിൽ മാത്രം) പഠനമികവിന്റെ ആരോഗ്യകരമായ മത്സരത്തിലൂടെ അക്കാദമിക രംഗത്ത് വലിയ വിജയം കൈവരിക്കുവാൻ നമുക്ക് കഴിയും. എന്നാൽ നിലവിലുള്ള സാഹചര്യങ്ങളുടെ പരിമിതി, അക്രഡിറ്റേഷൻ നടപ്പിലാക്കപ്പെടുന്നതോടെ സ്കൂൾ മേഖലയും സ്വകാര്യവ്യക്തികളുടെ ധനസമാഹരണ മാർഗ്ഗമാവുകയും പൊതുവിദ്യാഭ്യാസം സമ്പൂർണ്ണമായി സ്വകാര്യവൽക്കരിക്കപ്പെടുകയും ചെയ്യും.

## പുതിയ നയവും അധ്യാപകരും

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അദ്ധ്യായം 5-ലാണ് അധ്യാപകരുടെ വിഷയങ്ങൾ പരാമർശിക്കപ്പെടുന്നത്. ഈ നയം, സെൻട്രലൈസേഷനേയും പ്രൈവറ്റൈസേഷനേയും പ്രമോട്ട് ചെയ്യുന്നുവെന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ അധ്യാപക വിഷയങ്ങൾ ചർച്ച ചെയ്യുന്നിടത്ത് തെളിഞ്ഞു തെളിഞ്ഞു വരുന്നുണ്ട്.

അദ്ധ്യാപകനെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് ആദ്യ മൂന്നു വർഷങ്ങൾ കഴിവു പരിശോധനാ കാലമാണ്. എസ്.എം.സി.യുടെ അപ്രൈസലും പിയർ റിവ്യൂവും പെർഫോമൻസ് അസസ്സ്മെന്റും നടത്തിയായിരിക്കും സ്ഥിരപ്പെടുത്തൽ. ഏർളി ടീച്ചർ, പ്രൊവിഷ്യന്റ് ടീച്ചർ, എക്സ്പെർട്ട് ടീച്ചർ, മാസ്റ്റർ ടീച്ചർ എന്നിങ്ങനെ നാലു വിഭാഗം അദ്ധ്യാപകരുണ്ടാകും. വിവേചനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുന്ന നയമാണിത്.

അധ്യാപക നിയമനങ്ങൾ വലിയ തോതിൽ വെട്ടിക്കുറയ്ക്കുന്ന നയമാണിത്. ക്ലസ്റ്റർതല അധ്യാപക നിയമനങ്ങളെക്കുറിച്ച് നിയമം പറയുന്നു. ഓരോ പ്രദേശത്തേയും കുറച്ചു വിദ്യാലയങ്ങൾ ചേർന്ന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ആ വിദ്യാലയങ്ങളിലേയ്ക്കാവശ്യമായ അധ്യാപകരെ ക്ലസ്റ്ററുകളിൽ നിയമിക്കുകയും ഒരേ അധ്യാപകൻ തന്നെ വിവിധ വിദ്യാലയങ്ങളിൽ പോയി പഠിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് ഈ നിയമനങ്ങളിലൂടെ നടപ്പിലാവുന്നത്.

കോർസബ്ജക്റ്റുകളെന്നോ ആർട്സ്/സ്പോർട്സ്/ഹെൽത്ത് സബ്ജെക്ടുകളെ കൂടാതെ ലാംഗ്വേജ് അടക്കമുള്ള കോർ സബ്ജക്ടുകൾക്കും ക്ലസ്റ്റർതലത്തിൽ അദ്ധ്യാപകരെ നിയമിക്കാമെന്ന് പറഞ്ഞിരിക്കുന്നു. കോൺട്രാക്ട് അടിസ്ഥാനത്തിലും താൽക്കാലികമായും (ഹയർ ചെയ്തും) അദ്ധ്യാപകരെ നിയമിക്കാമെന്ന് പറഞ്ഞിരിക്കുന്നു. ലോക്കൽ നോളജ് എക്സ്പെർട്സ്, സ്പ്യെഷ്യലൈസ്ഡ് ഇൻസ്ട്രക്ടേഴ്സ് ഇൻ വേരിയസ് സബ്ജെക്ട്സ് എന്നിങ്ങനെ അദ്ധ്യാപകർക്ക് പകരമായി അദ്ധ്യാപകരല്ലാത്തവരെ സ്കൂൾ പഠനകാര്യങ്ങളിൽ ഉപയോഗിക്കാമെന്നും പറഞ്ഞിരിക്കുന്നു. സ്ഥിര അധ്യാപകരെ ഒഴിവാക്കി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ താത്ക്കാലിക അധ്യാപകരെ നിയമിക്കുന്നതുവഴി അധ്യാപകരെ ഹയർ ചെയ്യുന്നതുവഴി വിദ്യാർത്ഥി-അധ്യാപക-രക്ഷാകർതൃ ബന്ധം ദുർബലപ്പെടുകയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചൈതന്യം ചോർന്നു പോവുകയും ചെയ്യും.

ഓൺ ലൈൻ ക്ലാസ്സുകളേയും ഡിജിറ്റലൈസേഷനേയും പ്രോത്സാഹിപ്പിക്കുന്ന ഈ നയം, നടപ്പിലാകുന്നതു വഴി അധ്യാപക-വിദ്യാർത്ഥി ഇന്ററാക്ഷൻ പരിമിതപ്പെടുകയും അക്കാദമിക് നിലവാരം കുറയുകയും ചെയ്യും.

അദ്ധ്യാപക വിദ്യാഭ്യാസം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് നയം വ്യക്തമാക്കുന്നുണ്ട്. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ മുതൽ ഇങ്ങോട്ടുള്ള എല്ലാ വിദ്യാഭ്യാസ റിപ്പോർട്ടുകളിലും അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. അതുകൊണ്ടുതന്നെ അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഗ്രാഫ് എന്നും ഉയര്ന്നു തന്നെയാണ് നിന്നിട്ടുള്ളത്. എന്നാൽ പുതിയ നിയമ പ്രകാരം 2030 ആകുമ്പോഴേക്കും നിലവിലുള്ള അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ ഉണ്ടാവില്ല. റ്റി.റ്റി.ഐ./ഡി.എൽ.എഡ്., ബി.എഡ്. കോളേജുകൾ, ഡയറ്റുകൾ മുതലായവ ഇല്ലാതാകും. നാലു വർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ്.കോഴ്സ് അദ്ധ്യാപകന്റെ തുടർ പഠന സാദ്ധ്യതയുടെ വാതിലടയ്ക്കും. നിലവിൽ ഡിഗ്രി/പി.ജി. പഠനത്തിനു ശേഷം രണ്ടു കൊല്ലത്തെ ബി.എഡ്. കോഴ്സ് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ മാറ്റിമാറിക്കലിന്റെ ആവശ്യകതയും എവിടെയും വ്യക്തമാക്കപ്പെട്ടിട്ടില്ല.

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ അധ്യാപനത്തിന് പ്രാധാന്യം കൽപ്പിക്കാതെ വരികയും നിലവിലുള്ള പ്രൈമറി അധ്യാപകർ 3, 4, 5 ക്ലാസ്സുകളിലേയ്ക്ക് വിന്യസിക്കപ്പെടുകയും ചെയ്യുമ്പോൾ ആ മേഖലയിൽ അധ്യാപകർ അധികമായി മാറുകയും പുതിയ നിയമനങ്ങൾ അസാദ്ധ്യമാവുകയും ചെയ്യും.

സ്കൂൾ കോംപ്ലക്സ് നിയമനങ്ങൾ യാഥാർത്ഥ്യമാവുന്നതോടെ, കേരളീയ വിദ്യാഭ്യാസത്തിന്റെ ശക്തിസ്രോതസ്സായ എയ്ഡഡ് വിദ്യാലയങ്ങൾ (പൊതുവിദ്യാലയങ്ങളുടെ 58%) വൻ തകർച്ചയെ നേരിടും. നിയമന സാദ്ധ്യത അടയുന്നതോടെ മാനേജ്മെന്റുകൾ മഹാഭൂരിപക്ഷവും സ്കൂൾ നടത്തിപ്പിൽ നിന്നും പടിപടിയായി പിന്നാക്കം പോവുകയും ആ മേഖലയാകെ അൺഎയിഡഡ് കച്ചവട വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിമുറുക്കുകയും ചെയ്യും. 9, 10, 11, 12 ക്ലാസ്സുകൾ ഒരുസ്പെൽ ആകുന്നതോടെ ഹൈസ്കൂളിലും ഹയർസെക്കണ്ടറി സ്കൂളിലും ഇപ്പോൾ ജോലി ചെയ്തു കൊണ്ടിരിക്കുന്ന അധ്യാപകരെ പരസ്പരം പുനർ വിന്യസിക്കേണ്ടി വരികയും ഹയർസെക്കണ്ടറി മേഖലയിലെ എച്ച്.എസ്.എസ്.റ്റി, സീനിയർ എച്ച്.എസ്.എസ്.റ്റി പോസ്റ്റുകൾ ഇല്ലാതായി പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചർ (പി.ജി.റ്റി) വരികയും കുറഞ്ഞത് 20 വർഷത്തേയ്ക്കെങ്കിലും പുതിയ നിയമനങ്ങൾ ആവശ്യമില്ലാതെയാവുകയും ചെയ്യും. ഓരോ 5 വർഷം കൂടുമ്പോഴും പ്രവർത്തന മികവിന്റെയടിസ്ഥാനത്തിൽ അധ്യാപകരെ വിലയിരുത്തി പ്രമോഷനും ശമ്പള വർദ്ധനയും നൽകും എന്നു പറഞ്ഞിരിക്കുന്നു.

പ്രഥമധ്യാപകർ, സഹപ്രവർത്തകരായ അധ്യാപകർ, കമ്മ്യൂണിറ്റി മെമ്പർ എന്നിവരെല്ലാം അധ്യാപകരെ വിലയിരുത്തും. ഇൻക്രിമെന്റ്, ഗ്രേഡ്, പ്രെമോഷൻ എന്നിവയെല്ലാം ഈ രീതിയിൽ വിലയിരുത്തൽ നടത്തി നിശ്ചയിക്കും. ഇത്രയും കാലം സീനിയോറിറ്റി മാനദണ്ഡമാക്കിയാണ് ഗ്രേഡ്, പ്രമോഷൻ എന്നിവ അധ്യാപകന് ലഭിച്ചിരുന്നതെങ്കിൽ പുതിയ നയത്തിൽ വിലയിരുത്തലാണ് മാനദണ്ഡമാവുന്നത്. സീനിയോറിറ്റിയെ തകർക്കുകയും കാര്യശേഷി പരിശോധന എന്ന നിലയിൽ അധ്യാപകന്റെ ആത്മാഭിമാനത്തെ വ്രണപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണിത്.

ആരോഗ്യപരമായി പ്രയാസമനുഭവിക്കുന്ന അത്യാവശ്യഘട്ടത്തിലല്ലാതെ അധ്യാപകർക്ക് ട്രാൻസ്ഫർ അനുവദിക്കരുതെന്ന് നിയമം അനുശാസിക്കുന്നു. മൗലികാവശങ്ങളേയും മാനുഷിക മൂല്യങ്ങളേയും പോലും നോക്കുകുത്തിയാക്കുന്ന ഇത്തരം നിയമങ്ങൾ ഒരു പരിഷ്കൃത രാജ്യത്തിനും ഭൂഷണമല്ല. ഓരോ സെമസ്റ്ററിലും ഔട്ട്സൈഡ് ഏജൻസികൾ പരീക്ഷകൾ നടത്തുമെന്ന് വരുന്നതോടെ മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ അധ്യാപകന്റെ പങ്കാളിത്തം പരിമിതപ്പെടുത്തുന്നതും ഈ നയത്തിന്റെ ന്യൂനതയാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തെക്കുറിച്ച് 64 പേജുള്ള ഈ നിയമത്തിൽ ഒരിടത്തും പരാമർശമില്ല. എന്നാൽ ലോക്കൽ റിസോഴ്സ് പേഴ്സണെക്കൊണ്ട് ക്ലാസ്സ് എടുപ്പിക്കുന്നതിനെക്കുറിച്ച് പറയുന്നുമുണ്ട്.

പൊതുവിൽ അധ്യാപകന്റെ മാന്യതയെ ചോദ്യം ചെയ്യുന്ന, അസ്തിത്വത്തിന് വെല്ലുവിളിയുയർത്തുന്ന നയമാണ് ദേശീയ വിദ്യാഭ്യാസ നയം 2020 എന്ന് കാണാവുന്നതാണ്.

## പൊതുകാഴ്ചപ്പാട്

ദേശീയ വിദ്യാഭ്യാസ നയം 2020 രൂപപ്പെടുന്നതിനോടനുബന്ധിച്ച് രണ്ടേകാൽ ലക്ഷം പേരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുവെന്ന് കസ്തൂരി രംഗൻ സമിതി വെളിപ്പെടുത്തിയിട്ടുണ്ട്. അതായത്, 138 കോടി വരുന്ന ഇന്ത്യൻ ജനസംഖ്യയുടെ 0.016% മാത്രം. എന്നാൽ 1968-ലെയും 1986-ലെയും വിദ്യാഭ്യാസ നയങ്ങൾ അതിവിശാലമായ ചർച്ചകൾക്ക് വേദിയൊരുക്കിയിരുന്നതായും സമസ്ത മേഖലയിലെയും ജനവിഭാഗങ്ങളുടെ ഹൃദയവികാരങ്ങൾ ഏറ്റുവാങ്ങിയിട്ടുള്ളതായും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കം ചിലയാളുകളുടെ മാത്രം അഭിപ്രായക്കുറിപ്പുകൾ സ്വീകരിച്ച് ഇന്ത്യൻ വിദ്യാഭ്യാസത്തെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിലേയ്ക്ക് ആനയിക്കുന്നതാണ് 2020-ലെ വിദ്യാഭ്യാസ നയം.

ഒന്നാം മോദി സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ നയപരിഷ്കരണത്തിനായി രൂപീകരിച്ച ടി.എസ്.ആർ സുബ്രഹ്മണ്യം കമ്മിറ്റി 2016 മെയ് 27-ന് 230 പേജുകളുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചർച്ചകൾക്കായി പുറം ലോകം കണ്ട ആ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ (Some inputs for the draft of educational policy 2016) രൂക്ഷ വിമർശനങ്ങൾക്കും പ്രതിഷേധങ്ങൾക്കുമിടയാക്കിയത് ഇത്തരുണത്തിൽ സ്മരണീയമാണ്. ആ റിപ്പോർട്ടിനെ മാറ്റിവെച്ച് പുതിയതായി ഡോ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ രൂപീകരിച്ച സമിതിയാകട്ടെ, മുൻ ക്യാബിനെറ്റ് സെക്രട്ടറിയായ റ്റി.എസ്.ആർ സുബ്രഹ്മണ്യം കമ്മീഷൻ മുന്നോട്ടുവെച്ച സ്വകാര്യവത്ക്കരണം, വിദ്യാഭ്യാസ കേന്ദ്രീകരണം, പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (PPP) എന്നിവ അതേപടി അംഗീകരിക്കുകയുംചെയ്തു കൊണ്ടുള്ള നയമാണ് രൂപപ്പെടുത്തിയത്. കോത്താരി കമ്മീഷൻ റിപ്പോർട്ടും പ്രകാരമുള്ള സ്കൂൾ കോംപ്ലക്സ് റീസോഴ്സ് ഷെയറിംഗിനുള്ള അക്കാദമിക് കോംപ്ലക്സ് ആണെങ്കിൽ കസ്തൂരി രംഗൻ റിപ്പോർട്ടിലെ സ്കൂൾ കോംപ്ലക്സ് ലാഭകരമല്ലാത്ത ചെറിയ സ്കൂളുകളെ ഒന്നിച്ചു ചേർത്തുള്ള സ്കൂൾ കോംപ്ലക്സാണ്. സ്കൂളിംഗ് പ്രക്രിയയ്ക്ക് വിരുദ്ധമായ നടപടികളാണ് ഇതിന്റെ ഭാഗമായി സംജാതമാകുന്നത്. അദ്ധ്യാപകൻ സ്കൂളിൽ നിന്നും സ്കൂൾ കോംപ്ലക്സിലേക്ക് പറിച്ചുനടപ്പെടുന്ന ദയനീയ ചിത്രമാണ് ഈ നയം വരുച്ചു ചേർത്തിരിക്കുന്നത്.

2019 മെയ് 31-ന് ഡോ. കസ്തൂരി രംഗൻ സമർപ്പിച്ച 474 പേജുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഡ്രാഫ്റ്റിൽ നിന്നും കേന്ദ്രമന്ത്രിസഭ അംഗീകരിച്ച 64 പേജുള്ള നയമാണ് ഇപ്പോൾ നിയമമായി പുറത്തു വന്നിരിക്കുന്നത്.

ഇന്ത്യൻ മതേതര-ജനാധിപത്യ-ഫെഡറൽ സംവിധാനങ്ങളെ ഒട്ടും വിലകൽപ്പിക്കാതെ ഇന്ത്യ എന്ന മഹത്തായ രാജ്യത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ പരാമർശിക്കാതെ, രാഷ്ട്രശിൽപ്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സേവനങ്ങളെ സ്പർശിക്കാതെ സ്വകാര്യ അജണ്ടകൾ കൊണ്ടു പടുത്തുയർത്തിയിട്ടുള്ള ഈ നയം, പാർലമെന്റ് അംഗീകരിക്കുകയും ഭരണഘടനാ ഭേദഗതി ആവശ്യമായി വരികയും ചെയ്യുന്ന ധാരാളം നിർദ്ദേശങ്ങൾ ഉണ്ടെന്നിരിക്കെ അവയൊന്നും പാലിക്കാതെ ധൃതിപിടിച്ച് നടപ്പിലാക്കുന്ന ഈ നിയമം ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ഒരു മുതൽക്കൂട്ടും നൽകില്ല എന്നു മാത്രമല്ല ഇന്നലെകളിൽ വിദ്യാഭ്യാസത്തിലൂടെ നാം ആർജ്ജിച്ച നന്മയും ഐക്യവും അപകടകരമാംവിധം തകർക്കപ്പെടുകയും ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ മുഖമുദ്രയായ നവലിബറൽ മനോഭാവം വിദ്യാഭ്യാസ മേഖലയിലും ചേർത്തു കെട്ടുന്നത് ഭാരത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക വളർച്ചയ്ക്ക് വലിയ തിരിച്ചടിയായിരിക്കുമെന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും സുലളിതമായി മനസ്സിലാക്കുവാനും കഴിയും.

1835ൽ മെക്കാളെയുടെ മിനുട്സിന്റെ തുടർച്ചയായി ബ്രിട്ടീഷ് ഇന്ത്യയിൽ വിദ്യാഭ്യാസ കമ്മീഷനുകളും നയങ്ങളും ഉണ്ടായിട്ടുണ്ട്. സ്വതന്ത്ര ഇന്ത്യയിലും ഉന്നത കാഴ്ചപ്പാടോടെ തീരുമാനങ്ങൾ കൈക്കൊള്ളുകയും തുടർന്ന് ഇതുവരെ യായി നാം വലിയ ഭേദഗതികൾ വിദ്യാഭ്യാസത്തിൽ വരുത്തിയിട്ടുമുണ്ട്. എന്നാൽ അടിസ്ഥാന കാരണങ്ങൾ വ്യക്തമാക്കാതെ നിലവിലെ സമ്പ്രദായത്തിന്റെ അടി ത്തറയിളക്കുന്ന ഘടനാ മാറ്റവും ഭാഷാ സമീപനവും തൊഴിലധിഷ്ഠിത പഠന രീതിയും അപ്രാപ്യാമായ സർവ്വകലാശാലാ വിദ്യാഭ്യാസവും അദ്ധ്യാപക വിരുദ്ധ നിലപാടുകളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 എത്രയും വേഗം പുന:പരിശോധിക്കുകയും ഇന്ത്യൻ പാർലമെന്റിലെ ഇരുസഭക ളിലും രാഷ്ട്രീയത്തിനതീതമായ ചർച്ചകൾ നടത്തി ദിശാബോധമുള്ള രേഖയാ യിക്കി മാറ്റുന്നതിനുള്ളനടപടികൾ കേന്ദ്രസർക്കാർ കൈക്കൊള്ളണം. ഇൻഡ്യൻ സമൂഹത്തിന്റെ ചിന്താധാരകൾക്ക് അനുസൃതമായ രീതിയിൽ ഗാന്ധിജിയുടേയും രവീന്ദ്രനാഥ ടാഗോറിന്റേയും വിവേകാനന്ദന്റേയും വിദ്യാഭ്യാസ കാഴ്ചപ്പാടുകളുടെ സാരാംശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നിയമം പരിഷ്കരിക്കപ്പെടുന്നതു വരെ ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പിലാക്കുന്ന നിലപാടുകളിൽ നിന്നും ഇന്ത്യാ ഗവൺമെന്റ് അടിയന്തിരമായി പിന്മാറുകയും വേണം.

## റിപ്പോർട്ട് തയ്യാറാക്കിയ സമിതിയിലെ അംഗങ്ങൾ

**സി.പ്രദീപ് (കൺവീനർ)**

**എം.ഷാജു**

**വട്ടപ്പാറ അനിൽകുമാർ**

**പി.കെ.അരവിന്ദൻ**

**ഡോ.കെ.വി.മനോജ്**

**ഡോ.കെ.പി.ഗോപിനാഥൻ**

**പി.ഹരിഗോവിന്ദൻ**

**റ്റി.എസ്. സലിം**